# ഗവ.യു.പി സ്കൂൾ വലിയപാടം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–26



Scanned with OKEN Scanner

# ഗവ.യു.പി. സ്കൂൾ

## വലിയപാടം

പഞ്ചായത്ത് : പടിഞ്ഞാറെകല്ലട

വാർഡ് : 4

ഉപജില്ല : ശാസ്താംകോട്ട

വിദ്യാഭ്യാസജില്ല : കൊട്ടാരക്കര

റവന്യു ജില്ല : കൊല്ലം

പോസ്റ്റോഫീസ് : വിളന്തറ

ഫോൺ : 0476 2836177

ഇ മെയിൽ : gupsvpdm@gmail.com

GOVT.U.P.S
VILANTHARA (P.O)
SASTHAMCOTTA
VALIYAPADAM

Scanned with OKEN Scanner

## ആമുഖം

അക്ഷരപ്രേമികളായ കുരുന്നുകളെ വാർത്തെടുക്കുന്നതിനു വേണ്ടി കൊല്ലവർഷം 1102 ഇടവമാസം 26ാംതീയതി, ജനനന്മയും നാടിൻറെ വികസനവും മുന്നിൽക്കണ്ട് പ്രവർത്തിച്ച പടിഞ്ഞാറെകല്ലട വലിയ പാടം കരിമുട്ടത്തു വീട്ടിൽ ശ്രീമാൻ പരമേശ്വരൻപിള്ള സാറിന്റെയും പടിഞ്ഞാറെകല്ലട നടുവിലക്കര കാരപ്പിക്കൽ മഠം ശ്രീമാൻ ശങ്കരൻ നമ്പൂതിരി അവർകളുടെയും ശ്രമഫലമായി പ്രവർത്തനം തുടങ്ങിയ താണ് വലിയപാടം ഗവ. യു.പി സ്കൂൾ തുടക്കത്തിൽ എൽ.പി സ്കൂളായിട്ടാണ് പ്രവർത്തനം തുടങ്ങി യതെങ്കിലും 1982 ൽ യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. 423/4 സെൻറ് സ്ഥലത്ത് 5 കെട്ടിടങ്ങളി ലായി സ്കൂൾ പ്രവർത്തിച്ച് വരുന്നു.

ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിലേക്കായി ഒരു ഹിന്ദി അദ്ധ്യാപിക ഉൾപ്പടെ 8 അദ്ധ്യാപകരും രണ്ട് പ്രീ പ്രൈമറി അദ്ധ്യാപികമാരും രണ്ട് ഇതര ജീവനക്കാരും ഈ സ്കൂളിൽ ജോലി ചെയ്യുന്നു. സ്കൂളിന്റെ നന്മയ്ക്കു വേണ്ടി ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന രക്ഷകർത്താക്കളിൽ ഭൂരിഭാ ഗവും നിർമ്മാണ തൊഴിലാളികളും സാമൂഹ്യപ്രവർത്തകരുമാണ്.സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന മേഖലയിലുള്ള സ്കൂളാണെങ്കിലും ഇവിടുത്തെ പഠിതാക്കൾ പഠനപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ച പ്രകടനമാണ് കാഴ്ചവെയ്ക്കുന്നത്.

## ലക്ഷ്യം

നാടിൻ്റെ വിളക്കായി ജ്വലിച്ചു കൊണ്ടിരിക്കുന്ന വലിയപാടം ഗവ. യു.പി സ്കൂളിന്റെ മുഖ്യലക്ഷ്യം വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നതാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നുകൊണ്ടിരിക്കുന്നത്.

## കാഴ്ചപ്പാട്

എല്ലാ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ലോകത്തേക്ക് കൊണ്ടുവരുന്നതിന് സഹാ യകമായ മലയാളത്തിളക്കം പദ്ധതി കാര്യക്ഷമമായി തന്നെ ഈ സ്കൂളിൽ നടത്തിവരുന്നു. ഭാഷ ഗണിതം ശാസ്ത്രം എന്നീ വിഷയങ്ങളിൽ പിന്നോക്കമുള്ള കുട്ടികളെ കണ്ടെത്തിമുന്നോക്കക്കാരാക്കു ന്നതിനുതകുന്ന ശ്രദ്ധ പരിപാടിയും വിജയകരമായി തന്നെ ഇവിടെ നടത്തപ്പെടുന്നു. പ്രതിഭകളെ വാർത്തെടുക്കു ന്നതിനായി പ്രതിഭാകേന്ദ്രം പരിപാടിയും ആഴ്ചയിൽ ആറുദിവസം ഈ സ്കൂളിൽ നടക്കുന്നുണ്ട്. കുട്ടികളെ പരിസ്ഥിതിയുമായി അടുത്തിടപഴകുന്നവരാക്കി മാറ്റുന്നതിനായി അവരുടെ കൂടി സഹായത്തോടെ നല്ല ഒരു ജൈവവൈവിദ്ധ്യ ഉദ്യാനവും ഈ സ്കൂൾ അങ്കണത്തിൽ പരിപാലിച്ചു വരുന്നു. ഓരോ കുട്ടിയേയും അടുത്തറിയുന്നതിനും അവനെ എല്ലാ അർത്ഥത്തിലും മനസ്സിലാക്കുന്നതിനും ഞാനും എന്റെ കുട്ടിയും എന്ന തനതു പ്രവർത്തനവും ഇവിടുത്തെ അദ്ധ്യാപക കൂട്ടായ്മയുടെ ഭാഗ മായി നടന്നുവരുന്നു.

Scanned with OKEN Scanner

കുട്ടികളിൽ വായനാശീലം വളർത്തിക്കൊണ്ടുവരുന്നതിനായി ഓരോ ക്ലാസ്സിനും ആഴ്ചയിൽ ഒരു ദിവസം വീതം സ്കൂൾ ലൈബ്രറി സന്ദർശിക്കുന്നതിനും സ്വതന്ത്രവായനയ്ക്കുതകുന്ന പുസ്തക ങ്ങൾ യഥേഷ്ടം തെരഞ്ഞെടുത്ത് വായിക്കുന്നതിനുള്ള അവസരവും നൽകുന്നു. പുസ്തകശേഖരണം വർദ്ധിപ്പിക്കുന്നതിനായി ഓരോ വർഷവും ഒരു കുട്ടി ഒരു ബുക്ക് എന്ന പദ്ധതി നടപ്പാക്കാനും ഉദ്ദേശിച്ചിട്ടുണ്ട്.

ശാസ്ത്രകൗതുകം വളർത്തി വരുംതലമുറകളെ ശാസ്ത്രപ്രതിഭകളാക്കി മാറ്റാൻ കഴിയുന്ന തര ത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾക്ക് വേദിയൊരുക്കുന്ന ഒരു ശാസ്ത്രലാബും ഈ സ്കൂളിൽ പ്രവർത്തി ക്കുന്നു. എങ്കിലും ഇന്നത്തെ പാരിസ്ഥിതിക ചുറ്റുപാടുകൾക്കനുസരിച്ച് ഈ ശാസ്ത്രലാബിനെ മെച്ച് പ്പെടുത്തേണ്ട ആവശ്യകതയുണ്ട്.

ഗണിതാശയങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിനനുയോജ്യമായ ഒരു ഗണിതലാബി ഉണ്ടെങ്കിലും ഓരോ കുട്ടിക്കും ഓരോ ഗണിത കിറ്റ് എന്ന രീതിയിൽ ഈ ലാബിനെ മാറ്റിയെടുക്കാൻ ഉദ്ദേശിക്കുന്നു.

ആരോഗ്യമുള്ള വരുംതലമുറയെ സൃഷ്ടിക്കുന്നതിന് കായികപരിശീലനം നൽകാൻ പറ്റുന്ന തരത്തിലുള്ള ഒരു കളിസ്ഥലം ഇല്ലാത്തത് ഈ സ്കൂളിൻ്റെ എക്കാലത്തെയും ദുഖമാണ്. കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന ഇവിടുത്തെ കുട്ടികൾക്ക് പരിശീലനത്തിനനുയോജ്യമായ തരത്തിൽ കളിസ്ഥലം കൂടി ലഭ്യമാവുകയാണെങ്കിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

## പൊതുലക്ഷ്യങ്ങൾ.

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവിശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ക്ലാസുമുറികളിൽ പ്രയോജനപ്പെടുത്തും

ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കളെ അറിയിക്കും.

ആരോഗ്യ പ്രകൃതിബോധം വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

അപകർഷതാബോധം ഒഴിവാക്കി 'അക്കാദമികമായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും'

മാലിന്യ മുക്ത വിദ്യാലയം , പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കും.

പോക്സോ സംബന്ധമായ ബോധവൽക്കരണം.

രാസലഹരി , മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ .

# പ്രവർത്തന പദ്ധതികൾ.

## പ്രവർത്തനം: 1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല: വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കുട്ടികളിൽ വായനാ അഭിരുചി വളർത്തുക. | സ്കൂളിലെ ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾ പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. വായിക്കാനവസരം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ |

## പ്രവർത്തനം: 2

പേര്. എന്റെ പിറന്നാൾ പുസ്തകം.

ഉപമേഖല: വായന.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിപുല വായനശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം : 3

പേര്. അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സിലും വായനാകോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് | സ്കൂൾ ലൈബ്രറി കമ്മിറ്റി. | |
| റീഡിംഗ് തിയേറ്റർ. | ക്ലാസ് റൂം ലൈബ്രറികളിൽ ഇതിനു സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 4

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | . സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് | PTA. | |
| | | | | |

പ്രവർത്തനം : 5

പേര് : ഇസ്ലാം കല കയ്യെഴുത്ത് മാഗസിൻ.

ഉപമേഖലം : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടികൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക. | ഓരോ മാസത്തിന്റെ പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ഇസ്ലാം കല കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. | എല്ലാ മാസവും | ഇസ്ലാം ടീച്ചർ. | |

പ്രവർത്തനം : 6

പേര് : ഇസ്ലാം കല പതിപ്പുകൾ.

ഉപമേഖല : ലേഖനം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| കുട്ടികൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ഇസ്ലാമിലെ വിവരങ്ങൾ പങ്കുവെക്കുന്ന ഇസ്ലാം കല പതിപ്പുകൾ ഒരുക്കൽ. | എല്ലാ മാസവും. | ഇസ്ലാം ടീച്ചർ. | |

Scanned with OKEN Scanner

പ്രവർത്തനം: 7

പേര്: എന്റെ വായനാക്കുറിപ്പുകൾ

ഉപമേഖല: ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. വായനാക്കുറിപ്പും. ഈ പുസ്തകം വിദ്യാലയത്തിൽ നിന്നും നൽകുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ്ടീച്ചർ | |

പ്രവർത്തനം: 8

പേര്: രചനോത്സവം

ഉപമേഖല: ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള ശേഷി നേടുക. | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുക | ജൂൺ മുതൽ മാർച്ച് | ഭാഷാ ക്ലബ്ബ് | |

Scanned with OKEN Scanner

പ്രവർത്തനം : 9

പേര് : വായനാകാർഡ് തയ്യാറാക്കൽ.

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| എഴുത്ത് വൈദഗ്ദ്ധ്യം വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക. | സംസാരിക്കാനാവശ്യം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 10

പേര് : പാട്ടരങ്ങ്

ഉപമേഖല : ഭാഷാസമൃദ്ധി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാവപ്രകാശനം, ശബ്ദ ക്രമീകരണം, സംഗീതാത്മകത, തുടങ്ങിയ നൈപുണ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | സാഹിത്യത്തിലെ കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിക്കുന്നു. അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. ഭാവത്തോടും, ശബ്ദ-വ്യതിയാനത്തോടും അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | ഭാഷാക്ലബ് ക്ലാസ്ടീച്ചർ. | |

Scanned with OKEN Scanner

പ്രവർത്തനം: 11

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല: വായനാവളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശേ- ഷിയും അഭിനയവും വഴി വ്യക്തി ത്വവികസനം വളർത്താൻ എന്ന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകു- ന്നു. കഥാപാത്രങ്ങൾ, സംഭാഷണ രീതി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായന യുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 12

പേര് : ഭാഷോത്സവം

ഉപമേഖല : ഭാഷാ പ്രാവീണ്യവർദ്ധനം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷയുടെ വിവിധ അവതരണ കലാരൂപ. ങ്ങൾ മനസ്സിലാക്കു, ഭാഷാജ്ഞാനം പ്രകടിപ്പിക്കുക. | ഭാഷാപ്രസംഗം, കവിതാലാപനം, കഥാ- വായനം. ഡിബേറ്റു- കൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാശേഷി പ്രകടിപ്പിക്കാൻ അവസരം. | ജൂൺ മുതൽ മാർച്ച് | ഭാഷാ ടീ ക്ലാസ് ടീച്ചർ. | |

Scanned with OKEN Scanner

പ്രവർത്തനം : 13

പേര് : അനൗൺസ്മെന്റ്

ഉപശേഷി : ..... അവതരണശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയം നടത്തുവാൻ സഹായിക്കുക | കുട്ടികൾ പഠിപ്പിക്കുന്ന സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് | പി.ടി.എ. | |

## ഇംഗ്ലീഷ്

പ്രവർത്തനം : 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപശേഷി : പ്രകടനശേഷികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | മാസത്തിൽ ഒരു ദിനം കുട്ടികൾ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | മാസത്തിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |

Scanned with OKEN Scanner

## പ്രവർത്തനം: 2

പേര്: ഇംഗ്ലീഷ് ഡയറി

ഉപമേഖല: ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം. | ക്ലാസ് ടീച്ചർ. | |

## പ്രവർത്തനം: 3

പേര്: ഇംഗ്ലീഷ് വിവരണം.

ഉപമേഖല: ലേഖനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക. | ഓരോ മാസവും. | ക്ലാസ് ടീച്ചർ. | |

## പ്രവർത്തനം. 4

പേര്: Reading card

ഉപമേഖല: വായനാസാമഗ്രി.

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ഇംഗ്ലീഷ് വായനയ്ക്കായി റീഡിംഗ് കാർഡ് തയ്യാറാക്കൽ. | ജൂൺ. മുതൽ മാർച്ച് | ഇംഗ്ലീഷ് ക്ലബ്. | |

Scanned with OKEN Scanner

പ്രവർത്തനം : 5

പേര് : Work Sheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. | സാമ്പത്തികം. |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം. | ജൂൺ മുതൽ ഓഗസ്റ്റ് | SRG | - |

## ഗണിതം.

പ്രവർത്തനം : 1

പേര് : ഗണിത വർക്ക് ഷീറ്റ്.

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക. | പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ. | ഓരോ ടേമിലും | SRG | |

Scanned with OKEN Scanner

പ്രവർത്തനം : 2

പേര് : ഗണിത മൂല

ഉപമേഖല : ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന്. | എല്ലാ ക്ലാസുകളിലും ഗണിത മൂലകൾ ഒരുക്കൽ. (മഞ്ചാടി, കളിനോട്ട്, കാർഡുകൾ.) | ജൂൺ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 3

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉദ്ദേശ്യപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച്. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. | ജൂൺ മുതൽ [illegible] | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 2

പേര് : ഗണിത മൂല

ഉപമേഖല : ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന്. | എല്ലാ ക്ലാസുകളിലും ഗണിത മൂലകൾ ഒരുക്കൽ. (മഞ്ചാടി, കളിനോട്ട്, കാർഡുകൾ.) | ജൂൺ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 3

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉദ്ദേശ്യങ്ങൾ പരമാവധി ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച്. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. | ജൂൺ മുതൽ നിരന്തരം | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം : 5
പേര് : ക്ലാസ്. പി.ടി.എ.
ഉദ്ദേശ്യം : സി.പി.ടി.എ. ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും മികവും വിജയം ചെയ്യുന്ന ഗണിത രേഖ നേടി എണ്ണമാക്കൽ. | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. ഗണിത സംബന്ധമായ രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്ടീച്ചർ | |

## പരിസര പഠനം.

പ്രവർത്തനം : 1
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉദ്ദേശ്യം : ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ. | |

Scanned with OKEN Scanner

പ്രവർത്തനം : 2

പേര്: പരീക്ഷണത്തിട്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധത്തിൽ പ്രവർത്തനങ്ങൾ ഒരുക്കുക. | മുമ്പുള്ള കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കുന്നതും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണത്തിട് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച്. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം: 3

പേര്: പരീക്ഷണോത്സവം

ഉപമേഖല: ശാസ്ത്രാന്വേഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താൽപര്യം മന:ശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ് മുറിയിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അത്ഭുതമാക്കുന്നതിനും കുട്ടികൾക്ക് അതിൽ പങ്കാളി ആകാനുമാണ് പരീക്ഷണോത്സവത്തിന്റെ ലക്ഷ്യം. | എല്ലാ മാസവും, | ശാസ്ത്ര ക്ലബ് ടീച്ചർ. | |

Scanned with OKEN Scanner

പ്രവർത്തനം :

പേര്: ലഹരി : രാസലഹരി, മൊബൈൽ അഡിക്ഷൻ

ഉദ്ദേശ്യം: ശാരീരിക, മാനസിക ആരോഗ്യ ബോധവത്കരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ രോഗം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവത്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രദർശനം, ഉപദേശക സംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം എന്നിവ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | ജൂൺ | ആരോഗ്യ വകുപ്പ് | |

സാമൂഹികാവബോധം.

പ്രവർത്തനം : 1

പേര് : അതിഥിയെ അറിയൽ.

ഉദ്ദേശ്യം : സാമൂഹ്യ അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ചർച്ചകൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി പ്രമുഖരായ ആളുകളുടെ അഭിമുഖത്തിന് അവസരമൊരുക്കൽ. | ഓരോ മാസത്തിലും. | ക്ലാസ് ടീച്ചർ. | |

Scanned with OKEN Scanner

പ്രവർത്തനം: 2

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതു സ്ഥാപനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| സമൂഹത്തിന്റെ വളർച്ചയ്ക്ക് ഏറെ സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായ സ്ഥലങ്ങളിൽ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ. | |

വിവര സാങ്കേതിക വിദ്യ.

പ്രവർത്തനം : 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം.

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ. | |

Scanned with OKEN Scanner

പ്രവർത്തനം: 2
പേര്: IT ലാമ്പ്
ഉപമേഖല: കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | I.T, ICT പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. | ജൂൺ- ആഗസ്റ്റ് | SITC. | |

പ്രവർത്തനം: 1 പ്രവൃത്തി പരിചയം.
പേര്: നിർമ്മാണം
ഉപമേഖല: നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ പരിശീലനം ലഭ്യമാക്കൽ. പാവ, ചന്ദനത്തിരി, ചോക്ക് etc. | സെപ്റ്റംബർ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം: 2
പേര്: ഒറിഗാമി
ഉപമേഖല: കരകൗശല പരിശീലനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇതര പഠനവിഷയവുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. | ജൂലൈ- മുതൽ ആഗസ്റ്റ് | റിസോഴ്സ് പേഴ്സൺ. | |

പ്രവർത്തനം : 3
പേര് : പേപ്പർ ബാഗ് നിർമ്മാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണത്തിലെ കഴിവുകൾ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ-മാർച്ച് | SSG. | |

സർഗവേദി.

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. | എല്ലാ ആഴ്ചയും | SRG. | |

പ്രവർത്തനം : 2
പേര് : പ്രകടന വേദികൾ
ഉപമേഖല : സ്റ്റേജ്
മിന്നിയ പ്രകടനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിനെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സമൂഹവുമായി പങ്കുവെക്കുക. | ജൂൺ-മാർച്ച് | SRG. | |

Scanned with OKEN Scanner

പേര് : ടാലന്റ് ലാബുകൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയും താരമാണ് എന്ന ബോധ്യം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസവും | SRG PTA | |

ആരോഗ്യ - കായിക - വിദ്യാഭ്യാസം.

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : എക്സർസൈസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏതു ലക്ഷ്യവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നു. | കുട്ടികൾക്ക് വിവിധ തരത്തിലുള്ള എക്സർസൈസുകൾ പരിശീലിപ്പിക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 2

പേര് : ഹെൽത്ത് ചെക്കപ്പ്

ഉപമേഖല : ആരോഗ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും ആരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ഹെൽത്ത് ചെക്കപ്പ് നടത്തുന്നു. | ജൂൺ സെപ്തംബർ. | ഹെൽത്ത് | |

GOVT. U.P.S
VILANTHARA (P.O)
SASTHAMCOTTA
VALIYAPADAM

A.E.O.
18-7-25

Scanned with OKEN Scanner